## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 35 | 08.08.2017 -ൽ മറുപടിക്ക്

## വിനോദസഞ്ചാര വികസനത്തിനായുള്ള പുതിയ പദ്ധതികൾ

**ചോദ്യം**

ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്
ശ്രീ. എം. ഉമ്മർ
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. പാറക്കൽ അബ്ദുള്ള

**ഉത്തരം**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദ സഞ്ചാര വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിനോദ സഞ്ചാര വികസനത്തിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ' പ്രസാദ് ' സ്കീമിൽ ദക്ഷിണേന്ത്യയിൽ നിന്നും 'ഗുരുവായൂരിനെ ' ഉൾപ്പെടുത്തുകയും പദ്ധതി യുടെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.
- കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'സ്വദേശ് ദർശൻ ' സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച ഇക്കോ ടൂറിസം പദ്ധതിയായ "പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി" വികസനം, സ്പിരിച്വൽ ടൂറിസം പദ്ധതികളായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം) " ശ്രീ പത്മനാഭ-ആറന്മുള-ശബ രിമല" വികസനം എന്നീ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.
- മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വികസനത്തിനായി 8 പദ്ധതി പ്രൊപ്പോസലുകൾ കിഫ്ബി യുടെ പരിഗണനയ്ക്കായി സമർപ്പിച്ചു.
- ടൂറിസം കേന്ദ്രങ്ങളുടെ സമഗ്രവികസനവും പരിപാലനവും ലക്ഷ്യമാക്കി ഗ്രീൻ കാർപ്പറ്റ് പദ്ധതി ആരംഭിച്ചു.
- കാസർഗോഡ്, കണ്ണൂർ ജില്ലകൾ ഉൾക്കൊള്ളുന്ന ഉത്തര കേരളത്തിലെ പുഴകളിലൂടെയും കായലിലൂടെയും ഉള്ള വിനോദ സഞ്ചാരവും വടക്കൻ കേരളത്തിലെ കലയും സംസ്കാരവും യോജിപ്പിച്ചു കൊണ്ടുള്ള ഒരു ബൃഹത് പദ്ധതി യായ മലനാട് മലബാർ ക്രൂയിസ് ടൂറിസം പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു
- ധർമ്മടം-മുഴപ്പിലങ്ങാട്-കണ്ണൂർ-വയനാട്, കക്കയം-പെരുവണ്ണാമൂഴി, കാപ്പാട്-ഇരിങ്ങൽ, വടകര, നിള, നെല്ലിയാമ്പതി, പീച്ചി-വാഴാനി, ചിമ്മിനി, കാലടി-മലയാറ്റൂർ-ആതിരപ്പള്ളി, പീരുമേട്-കുട്ടിക്കാനം-വാഗമൺ-ഇടുക്കി,

അഷ്ടമുടി, കഠിനംകുളം-വർക്കല-കാപ്പിൽ, നെയ്യാർ-പേപ്പാറ-പൊന്മുടി തുടങ്ങിയ കേന്ദ്രങ്ങളിൽ സമഗ്ര ടൂറിസം വികസന പദ്ധതികൾ ആരംഭിച്ചു.

- ഉത്തരവാദിത്ത ടൂറിസത്തിന് പ്രത്യേക മിഷൻ രൂപീകരിച്ചു.
- പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദ മാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു
- ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സമ്പ്രദായം ഏർപ്പെടുത്തി.
- ഹൗസ്ബോട്ടുകളിലെ സുരക്ഷിതത്വം ലക്ഷ്യമാക്കി ' ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം' പദ്ധതി നടപ്പിലാക്കി.
- വനം വകുപ്പുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന എക്കോ-അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് തുടക്കം കുറിച്ചു.
- ഡി.റ്റി.പി.സി. കളും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളും പുനസംഘടിപ്പിച്ചു.
- ടൂറിസം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും തീർപ്പാക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമായി എം.എൽ.എ മാരുടെ നേതൃത്വത്തിൽ പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു
- ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥയും ന്യൂനതകളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് കർമ്മപദ്ധതി നടപ്പിലാക്കി വരുന്നു.
- കൊല്ലം ജില്ലയിലെ ചടയമംഗലത്ത് 'ജടായുപാറ ടൂറിസം പദ്ധതി ' ആരംഭിച്ചു.
- അറബ് രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പ്രചരണ പരിപാടികൾ, ഇതിന്റെ ഭാഗമായി ടാക്സി ബ്രാന്റിംഗ്, അച്ചടി-നവ മാധ്യമങ്ങളിലെ പരസ്യ പ്രചരണം, റിയാദ്, ദമാം എന്നീ സ്ഥലങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചു
- ചൈനയിൽ നിന്നുള്ള ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കുന്നതിനായി ബീജിംഗ് ഇന്റർനാഷണൽ ടൂറിസം എക്സിബിഷനിൽ കേരളത്തിലെ പ്രമുഖ ടൂറിസം ഓപ്പറേറ്റർ മാരുമായി പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു
- നവമാധ്യമങ്ങളിലെ പ്രചാരണങ്ങളുടെ ഭാഗമായി ' ഗോ കേരള ആപ്പ്, ' ലോവസ്റ്റ് യൂണിക് ബിഡ് ' എന്നീ വിപണന പരിപാടികൾക്ക് തുടക്കം കുറിച്ചു
- ഗുരുവായൂരിൽ പുതിയ ഗസ്റ്റ് ഹൗസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| ബി) | പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ സഹായം അനുവദിക്കുന്നതിന് കേന്ദ്രം നിബന്ധനകളെന്തെങ്കിലും വച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പദ്ധതികളായ 'സ്വദേശ് ദർശൻ', 'പ്രസാദ്' പദ്ധതികളിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>'സ്വദേശ് ദർശൻ' സ്കീമിൽ ഉൾപ്പെട്ട സ്പിരിച്വൽ ടൂറിസം സർക്യൂട്ടുകളായ - 1. ശബരിമലയുടെ വികസനം (എരുമേലി-പമ്പ-സന്നിധാനം) - 9998.92 ലക്ഷം<br>2. ശ്രീപത്മനാഭ-ആറന്മുള-ശബരിമല ക്ഷേത്രം വികസനം - 9244.26 ലക്ഷം<br>പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനം - 4614.20 ലക്ഷം<br>കേന്ദ്ര ടൂറിസം മന്ത്രാലയം ഓരോ സ്കീമുകൾക്കും പ്രത്യേകം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അത്തരം മാനദണ്ഡങ്ങൾ അനുസരിച്ചാണ് പദ്ധതി പ്രൊപ്പോസലുകൾ സമർപ്പിച്ചു വരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് മേൽ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്. |
| സി) | വിനോദസഞ്ചാര വികസനത്തിനായി നിക്ഷേപം നടത്തേണ്ട സ്ഥലങ്ങളുടെ മുൻഗണന തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ മുൻഗണനാക്രമം നിശ്ചയിച്ചതിന്റെ അടിസ്ഥാനം എന്താണെന്ന് വിശദമാക്കുമോ? | സി) | തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.